

TUESDAY 01.08.2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-01/08/2023.

1. ചിങ്ങം ഒന്ന് കർഷകദിനമായി ആചരിച്ചു വരുന്നു. ഈ വർഷത്തെ കർഷക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആഗസ്റ്റ് 17 ന് (17.08.2023) വൈകിട്ട് 4:00 മണിക്ക് തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ വച്ച് നിർവഹിക്കുന്നു.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം കരമനയിൽ നെടുങ്കാട് പ്രവർത്തിച്ചു വരുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ നിറപുത്തരി കൊയ്ത്തുത്സവത്തിലേക്കായി കതിർ കുലകൾ 100 രൂപ നിരക്കിൽ വില്പനക്ക് ലഭ്യമാണ്. കതിർ കുല കെട്ടുകളും (അയർ ) മുൻകൂട്ടി ആവശ്യപ്പെടുന്ന മുറക്ക് തയ്യാറാക്കി നൽകുന്നതാണ്.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) 'മണ്ണ് സംരക്ഷണവും പരിപാലനവും' (Soil Health Management) എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്‌ട്രേഷൻ ഫോറം പൂരിപ്പിച്ചു submit ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : 2023 ഓഗസ്റ്റ് 8. കോഴ്സുകൾ 2023 ഓഗസ്റ്റ് 9ന് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾ celkau@gmail.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് 0487-2438567, 0487-2438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

### പരിശീലന പരിപാടി

4. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ആട് വളർത്തൽ** എന്ന വിഷയത്തിൽ ആഗസ്റ്റ് മാസം 2 ന് (02/08/2023) രാവിലെ 10.00 മുതൽ 5.00 മണി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്. കേന്ദ്ര-കേരള സർക്കാരുകളുടെ വിവിധ ആടുവളർത്തൽ പദ്ധതികളിൽ അംഗമാകാൻ ആഗ്രഹിക്കുന്ന കർഷകർക്ക് ഈ പരിശീലനത്തിൽ പങ്കെടുത്ത് വൈദഗ്ദ്ധ്യവും നേടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻ്ററിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് മാസം 3 ന് വാണിജ്യ അടിസ്ഥാനത്തിലുള്ള അച്ചാർ നിർമ്മാണം 10 ന് പൂന്തോട്ട പരിപാലനവും ലാൻഡ്സ്കേപ്പിങ്ങും 22ന് അക്വാപോണിക്സ് ബയോഫ്ലോഗ് മത്സ്യകൃഷി രീതികൾ 24ന് ചിപ്പി കൂൺ കൃഷി എന്നീ വിഷയങ്ങളിൽ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനഫീസ് 550 രൂപ. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ 0487 2370773 എന്ന നമ്പറിൽ ബന്ധപ്പെടുക.

6. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് 07.08.2023 മുതൽ 11.08.2023 വരെ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ **ക്ഷീരകർഷകർക്കായി ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20/-രൂപ. ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനപരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ 03.08.2023ന് വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ dd-dtc-kkd.dairy@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലോ 0495- 2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. **കാർഷിക നിർദ്ദേശം** – -മഴക്കാലത്ത് പയറിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 1% ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക.

വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മഴക്കാലത്ത് മൃദുരോമ പൂപ്പ് എന്ന കാണാനിടയുണ്ട്. പ്രതിവിധിയായി 2.5 ഗ്രാം മാങ്കോസെബ് 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക.